**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1789** **08-10-2021 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഇറക്കിയ നിയമ ഭേദഗതിയിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ മിനിമം യോഗ്യതകൾ സംബന്ധിച്ച് 08.03.2019-ൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ S.O.1215(E) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം വരുത്തിയ ഭേദഗതി ചുവടെ ചേർക്കുന്നു. 1. ഏതെങ്കിലും അംഗീകൃത ബോർഡിൽ നിന്നും പത്താം ക്ലാസ് പാസ്സായിരിക്കണം. 2. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും ലഭിച്ച ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള ത്രിവത്സര ഡിപ്ലോമ അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ത്രിവത്സര ഡിപ്ലോമ. 3. ഗിയറുള്ള മോട്ടോർ സൈക്കിൾ, ലൈറ്റ് മോട്ടോർ വാഹനം എന്നിവ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ്. |
| (ബി) | പ്രസ്തുത ഭേദഗതി ഉത്തരവ് സംബന്ധിച്ച് സംസ്ഥാനതലത്തിൽ ആക്ഷേപങ്ങൾ ഉയർന്നു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. കേന്ദ്രസർക്കാരിന്റെ 08.03.2019-ലെ S.O.1215(E) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ വിഷയം 05.08.2021-ൽ ചേർന്ന യോഗം ചർച്ച ചെയ്യുകയും മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ യോഗ്യതകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ